NHS England



# സ്ത്രീകൾക്കും വാൽപ്രോയ്റ്റ് കഴിക്കുന്ന ആളുകൾക്കും വേണ്ടിയുള്ള ഔഷധ അ അവലോകനങ്ങളെക്കുറിച്ചുള്ള വിവര ലഘുലേഖ






Malayalam

## എന്തിനെക്കുറിച്ചാണ് ഈ ലഘുലേഖ?




55 വയസ്സിന് താഴെയുള്ള ഏതൊരാളും വാൽപ്രോയ്റ്റ് കഴിക്കുന്നതിന്റെ ഗുണങ്ങളെയും കൂടാതെ ദോഷങ്ങളെയും കുറിച്ചുള്ളതാണ് ഈ ലഘുലേഖ. വാൽപ്രോയ്റ്റ് ആരംഭിക്കുന്നതിനെക്കുറിച്ചോ അല്ലെങ്കിൽ കഴിക്കുന്നതിനെക്കുറിച്ചോ നിങ്ങളുടെ വിദഗ്ധനുമായി സംസാരിക്കുന്നതിനെ നിങ്ങളെ പിന്തുണയ്ക്കുന്നതിനാണ് ഇത്. വാൽപ്രോയ്റ്റിനെ ചിലസമയത്ത് എപിലിം അല്ലെങ്കിൽ ഡെപകോട്ട് എന്ന് വിളിക്കുന്നു. വാൽപ്രോയ്റ്റ് എന്ന് ഉച്ചരിക്കുന്നത് വാൽ-പ്രോ-എയ്റ്റ് എന്നാണ്.




ചുഴലി (അപസ്മാരം അല്ലെങ്കിൽ കോച്ചിപ്പിടിക്കുക) അല്ലെങ്കിൽ ബൈപോളാർ വൈകല്യവും കൂടാതെ മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ചികിത്സിക്കുന്നതിൽ വാൽപ്രോയ്റ്റ് വളരെ ഫലപ്രദമാണ്. സാമാന്യവൽക്കരിക്കപ്പെട്ട കോച്ചിപ്പിടിത്തം അല്ലെങ്കിൽ അപസ്മാരം കുറയ്ക്കുന്നതിനുള്ള മികച്ച മരുന്നാണിത്.




നിങ്ങൾക്ക് നന്നായി ജീവിക്കാനും കൂടാതെ സുരക്ഷിതമായി തുടരാനുമുള്ള മികച്ച മരുന്നിനെക്കുറിച്ച് നിങ്ങളുടെ വിദഗ്ധൻ നിങ്ങളോട് പറയും. ചിലപ്പോൾ ചില ആളുകൾക്ക് അപസ്മാരം അല്ലെങ്കിൽ കോച്ചിപ്പിടിത്തം ഉണ്ടാകാം കൂടാതെ ചില ആളുകൾ പെട്ടെന്ന് മരിക്കാം (എസ് യുഡിഇപി, ചുഴലിയിലെ പെട്ടെന്നുള്ള അപ്രതീക്ഷിത മരണം എന്ന് അറിയപ്പെടുന്നു).




നിങ്ങളുടെ വിദഗ്ധൻ നിങ്ങളുമായും കൂടാതെ നിങ്ങളെ പരിചരിക്കുന്നവരുമായോ, കുടുംബാംഗങ്ങളുമായോ അല്ലെങ്കിൽ അഭിഭാഷകരുമായോ നിങ്ങളുടെ വാൽപ്രോയ്റ്റ് മരുന്നിന്റെ ഗുണ ദോഷങ്ങളെ കുറിച്ച് സംസാരിക്കും. നിങ്ങളുടെ ആരോഗ്യത്തിന് ഉണ്ടാകുന്ന എസ് യുഡിഇപിയും കൂടാതെ മറ്റ് അപകടസാധ്യതകളും അവർ വിശദീകരിക്കും.




നിങ്ങൾ ഗർഭിണിയായിരിക്കുമ്പോൾ നിങ്ങൾ വാൽപ്രോയ്റ്റ് കഴിക്കുകയാണെങ്കിൽ അത് നിങ്ങളുടെ കുഞ്ഞിന് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കും.



ഒരു കുഞ്ഞിന്റെ ശരീരത്തിന്റെയും കൂടാതെ തലച്ചോറിന്റെയും വളർച്ചയെ വാൽപ്രോയ്റ്റ് ബാധിക്കും. കുഞ്ഞിന്റെ മസ്തിഷ്കം എങ്ങനെ വികസിക്കുന്നു എന്നതിൽ ഒരു പ്രശ്നമുണ്ടാകാനുള്ള സാധ്യത ഒരു 30-40% ആയിരിക്കും.

ഇതിനർത്ഥം അവർക്ക് ഒരു പഠന വൈകല്യമോ അല്ലെങ്കിൽ ഓട്ടിസമോ അല്ലെങ്കിൽ ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥയോ അല്ലെങ്കിൽ നിശ്ചലമായി ഇരിക്കാനോ കഴിയാത്ത അവസ്ഥയോ (എഡിഎച്ച്ഡി) ഉണ്ടാകും.



## എനിക്ക് എന്റെ വാൽപ്രോയ്റ്റ് മരുന്നിന്റെ ഒരു അവലോകനം ആവശ്യമായി വരുന്നത് എന്തുകൊണ്ട്?

നിങ്ങൾ വാൽപ്രോയ്റ്റ് കഴിക്കുകയാണെങ്കിൽ അത് ശിശുക്കളിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ കാരണമാകും. നിങ്ങൾക്ക് 55 വയസ്സിന് താഴെയാണെങ്കിൽ എല്ലാ വർഷവും നിങ്ങളുടെ വിദഗ്ധനെ കാണാൻ നിങ്ങളോട് ആവശ്യപ്പെടും. ഒരു മരുന്ന് അവലോകനം എന്നാണ് ഇത് അറിയപ്പെടുന്നത്.



നിങ്ങൾക്ക് ഒരു ആരോഗ്യ പരിപാലന പാസ്പോർട്ട് ഉണ്ടെങ്കിൽ, അത് നിങ്ങളുടെ വിദഗ്ധനെ കാണിക്കുക. നിങ്ങളെ പിന്തുണയ്ക്കാൻ ഇത് അവരെ സഹായിക്കും.



നിങ്ങളുടെ മരുന്നിനെക്കുറിച്ചുള്ള ഏതൊരു തീരുമാനമായാലും നിങ്ങൾ ഉൾപ്പെട്ടിരിക്കണം. നിങ്ങളുടെ കുടുംബാംഗം, പരിചരിക്കുന്നവർ, സുഹൃത്ത്, അഭിഭാഷകൻ അല്ലെങ്കിൽ നിങ്ങളുടെ വീക്ഷണങ്ങൾ പ്രകടിപ്പിക്കാൻ നിങ്ങളെ സഹായിക്കുന്ന ഒരാളെപ്പോലെയുള്ളവർ നിങ്ങളുടെ വിദഗ്ദ്ധനുമായുള്ള യോഗങ്ങളിൽ നിങ്ങളോടൊപ്പം ഒരാൾ നിങ്ങൾക്ക് ഉണ്ടായിരിക്കും.



നിങ്ങളുടെ ശബ്ദമാണ് ഏറ്റവും പ്രധാനമെന്നത് ഓർക്കുക. നിങ്ങൾക്ക് മനസ്സിലായിട്ടില്ലെങ്കിൽ എപ്പോഴും ചോദിക്കുക. നിങ്ങളുടെ ശരീരത്തെയും കൂടാതെ നിങ്ങളുടെ ജീവിതത്തെയും കുറിച്ചുള്ള തീരുമാനങ്ങളിൽ നിങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് നിങ്ങൾക്ക് തോന്നുന്നില്ലെങ്കിൽ പറയുക.




നിങ്ങൾ ഒരു കുഞ്ഞിനെ ജനിപ്പിക്കാൻ പദ്ധതിയിടുകയാണോയെന്നും അല്ലെങ്കിൽ നിങ്ങൾ ഗർഭിണിയാകാൻ നിങ്ങൾ കരുതുന്നുണ്ടോയെന്നും നിങ്ങളുടെ വിദഗ്ദ്ധൻ ചോദിക്കും. ഇപ്പോഴും വാൽപ്രോയ്റ്റ് നിങ്ങൾക്ക് വേണ്ടിയുള്ള മികച്ച മരുന്നാണോ എന്ന് അവർ പരിശോധിക്കും. വിദഗ്ദ്നുമായി ഒരു ആനുവൽ റിസ്ക് അക്നോളജ്മെന്റ് ഫോം (എആർഎഎഫ്) പൂരിപ്പിക്കാൻ നിങ്ങളോട് ആവശ്യപ്പെടും. നിങ്ങൾക്ക് എആർഎഎഫിന്റെ ഒരു പകർപ്പ് നൽകും.



## ഞാൻ ഗർഭിണിയായിത്തീരുമെന്ന് ഞാൻ കരുതുന്നില്ല

നിങ്ങൾ ഗർഭിണിയാകുമെന്ന് നിങ്ങളും കൂടാതെ വിദഗ്ദ്നും കരുതുന്നില്ലെങ്കിൽ, അവർ കാരണ സഹിതം എആർഎഎഫിൽ ഇത് എഴുതും.

# ഞാൻ ഗർഭിണിയായേക്കാം



നിങ്ങൾ ഗർഭിണിയാകുമെന്ന് നിങ്ങളും കൂടാതെ നിങ്ങളുടെ വിദഗ്ദ്നും കരുതുന്നുവെങ്കിൽ, അവർ എല്ലാ വർഷവും നിങ്ങളെ കാണും. നിങ്ങളുടെ ചുഴലി അല്ലെങ്കിൽ ബൈപോളാർ വൈകല്യം എന്നിവയെക്കുറിച്ച് നിങ്ങൾ ചർച്ച ചെയ്യുകയും കൂടാതെ വാൽപ്രോയ്റ്റ് ഇപ്പോഴും നിങ്ങൾക്ക് വേണ്ടി മികച്ച മരുന്നാണെന്ന് പരിശോധിക്കുകയും ചെയ്യും. നിങ്ങൾ അത് കഴിക്കാൻ സമ്മതിക്കുന്നുണ്ടോ എന്ന് അവർ പരിശോധിക്കും.




നിങ്ങൾ 55 വയസ്സിന് താഴെയുള്ള ആളാണെങ്കിൽ ഗർഭിണിയാകാൻ കഴിയുമെങ്കിൽ, ഇത് ഏറ്റവും മികച്ച മരുന്നാണെന്ന് രണ്ട് വിദഗ്ധർ സമ്മതിക്കുകയാണെങ്കിൽ നിങ്ങൾക്ക് വേണ്ടി വാൽപ്രോയ്റ്റ് ഉപയോഗിക്കാം. ഒരു കമ്പിച്ചുരുളോ അല്ലെങ്കിൽ സ്ഥാപിക്കാൻ കഴിയുന്ന ഗർഭനിരോധനം പോലെയുള്ള ഗർഭനിരോധന മാർഗ്ഗങ്ങൾ നിങ്ങൾ പരിഗണിക്കേണ്ട ആവശ്യമുണ്ട്. നിങ്ങളുടെ ഐച്ഛികങ്ങളെക്കുറിച്ചുള്ള നിങ്ങൾക്ക് ഉപദേശങ്ങൾക്ക് വേണ്ടി ആവശ്യപ്പെടാം.




നിങ്ങൾക്ക് ഗർഭിണിയാകാൻ കഴിയുമെങ്കിൽ, വാൽപ്രോയ്റ്റ് പോലെ നിങ്ങൾക്ക് മറ്റൊരു നല്ല മരുന്ന് ഉണ്ടോ എന്ന് നിങ്ങളുടെ വിദഗ്ധൻ നിങ്ങളുമായി ചർച്ച ചെയ്യും.




വാൽപ്രോയ്റ്റിൽ നിന്നും പ്രവർത്തിക്കുന്ന ഒരു മരുന്നിലേക്ക് മാറുന്നത്, അല്ലെങ്കിൽ അത് പെട്ടെന്ന് മാറ്റുന്നത്, നിങ്ങളുടെ അപസ്മാരമോ അല്ലെങ്കിൽ ആരോഗ്യ പ്രശ്നങ്ങളോ കൂടുതൽ വഷളാക്കും. ചില ആളുകൾക്ക് ആശുപത്രിയിലേക്ക് പോകേണ്ടി വന്നേക്കാം കൂടാതെ ചില ആളുകൾ മരിച്ചേക്കാം.

## ഞാൻ ഒരു ഗർഭം ആസൂത്രണം ചെയ്യുന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുയാണ്



നിങ്ങൾ ഒരു ഗർഭധാരണം ആസൂത്രണം ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ ഡോക്ടറുമായി സംസാരിക്കേണ്ടത് വളരെ പ്രധാനമാണ്. നിങ്ങൾ ഗർഭിണിയായിത്തീരുന്നതിന് മുമ്പ് നിങ്ങൾക്കോ അല്ലെങ്കിൽ നിങ്ങളുടെ കുഞ്ഞിനോ ഉള്ള ഏതെങ്കിലും അപകടസാധ്യത കുറയ്ക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യാൻ അവർക്ക് നിങ്ങളെ സഹായിക്കാൻ കഴിയും.



നിങ്ങൾ ഗർഭിണിയാകുകയാണെങ്കിൽ ഉടൻ തന്നെ നിങ്ങളുടെ ഡോക്ടറെ നിങ്ങൾ അറിയിക്കേണ്ടതുണ്ട്. നിങ്ങളുടെ വിദഗ്ധനുമായി സംസാരിക്കാതെ നിങ്ങളുടെ വാൽപ്രോയ്റ്റ് മരുന്ന് കഴിക്കുന്നത് നിർത്താതിരിക്കേണ്ടത് പ്രധാനമാണ് കാരണം ഇത് അപകടകരമാണ്.



നിങ്ങൾ ഗർഭിണിയാകുകയും കൂടാതെ അപസ്മാരമോ അല്ലെങ്കിൽ കോച്ചിപ്പിടിക്കലോ ഉണ്ടാകുകയും ചെയ്താൽ കഴിയുന്നത്ര അവ നിർത്തേണ്ടത് പ്രധാനമാണ്. അമിതമായ കോച്ചിപ്പിടിത്തം ശിശുക്കളുടെ ശരീരത്തെയും കൂടാതെ തലച്ചോറിനെയും ബാധിക്കും. അപസ്മാരവും എസ് യുഡിഇപി (ചുഴലിയിലെ പെട്ടെന്നുള്ള അപ്രതീക്ഷിത മരണം) എന്നിവ കാരണം ചിലപ്പോൾ സ്ത്രീകളും കൂടാതെ ഗർഭസ്ഥ ശിശുക്കളും മരിക്കുന്നു.



ചുഴലി ബാധിച്ച ധാരാളം സ്ത്രീകൾക്ക് നല്ല രീതിയിലുള്ള ഗർഭധാരണമുണ്ടെങ്കിലും പക്ഷെ അത് സുരക്ഷിതമല്ലാത്ത സമയമായിരിക്കും. ദത്തെടുക്കൽ പോലെയുള്ള ഗർഭിണികളാകാതെ തന്നെ ചില സ്ത്രീകൾ അമ്മമാരായിത്തീരുന്നു.






## കൂടുതൽ വിവരങ്ങൾ

നിങ്ങൾക്ക് ഈ ലഘുലേഖയുടെ ഒരു പിഡിഎഫ് ഡൗൺലോഡ് ചെയ്യാനും കൂടുതൽ കണ്ടെത്താനും കഴിയും:

**southeastclinicalnetworks.nhs.uk/valproate**

നിങ്ങളുടെ ഫോൺ ക്യാമറ ചൂണ്ടിക്കാണിച്ചുകൊണ്ട് നിങ്ങൾക്ക് **ഈ ക്യൂആർ കോഡ് സ്കാൻ ചെയ്യാനും** കഴിയും.

വിവിധങ്ങളായ മറ്റ് ഭാഷകളിൽ ഡൗൺലോഡ് ചെയ്യാനും ഈ ലഘുലേഖ ലഭ്യമാണ്.

## അംഗീകാരം

ഈ ലഘുലേഖയ്ക്ക് സംഭാവന നൽകിയ അപസ്മാരവും കൂടാതെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട അനുഭവസമ്പത്തുള്ള വിദഗ്ധർക്കൊപ്പം തെക്ക് കിഴക്കൻ മേഖലയിലുടനീളവും അതിനപ്പുറവുമുള്ള, എല്ലാ ക്ലിനിക്കുകൾക്കും നന്ദി.

ഞങ്ങളോടൊപ്പം ലഘുലേഖ രൂപപ്പെടുത്തിയ Active Prospects, ProActive Community members, SUDEP Action, കൂടാതെ My Life My Choice എന്നിവയിൽ നിന്നുള്ള വിവരങ്ങൾക്ക് ഞങ്ങൾ പ്രത്യേകം നന്ദിയുള്ളവരാണ്.

'ഈസി-ഓൺ-ദി-ഐ' ചിത്രങ്ങളുടെ പകർപ്പവകാശം © ലീഡ്സ് ആൻഡ് യോർക്ക്
പാർട്ണർഷിപ്പ് എൻഎച്ച്എസ് ഫൗണ്ടേഷൻ ട്രസ്റ്റ്.

CS57039 NHS Creative 2024